എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 5, ലക്കം 12 | 2024 ഡിസംബർ 05

## ഊർജസംരക്ഷണത്തെ അടിസ്ഥാനമാക്കി സംസ്ഥാനതല ചിത്രരചന മൽസരം സംഘടിപ്പിച്ചു

എനർജി മാനേജ്മെന്റ് സെന്ററും നാഷണൽ തെർമൽ പവർ കോർപ്പറേഷനും (എൻ.ടി.പി.സി.) സംയുക്തമായി നവംബർ – 22 ന് സംസ്ഥാനതല ചിത്രരചന മൽസരം സംഘടിപ്പിച്ചു. കേന്ദ്ര ഊർജമന്ത്രാലയം ദേശീയതലത്തിൽ നടത്തുന്ന ഊർജസംരക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള ചിത്രരചന മൽസരത്തിന്റെ പ്രാരംഭ ഘട്ടമായാണ് ഈ മൽസരം സംഘടിപ്പിച്ചത്.



വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി വീഡിയോ സന്ദേശത്തിലൂടെ ഉദ്ഘാടനം ചെയ്യുന്നു

ചിത്രരചന മൽസരത്തിന്റെ സമ്മാനദാന ചടങ്ങ് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ വൈദ്യുത ഉപഭോഗം വർധിച്ചു വരുന്ന സാഹചര്യത്തിൽ ഊർജ കാര്യക്ഷമതയിൽ സംസ്ഥാനം ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് വിജയികൾക്കുള്ള സമ്മാനദാനം കഴക്കൂട്ടം എം എൽ എ കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. ചടങ്ങിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ ഹരികുമാർ സ്വാഗതമാശംസിച്ചു. കായംകുളം എൻ.ടി.പി.സി യിലെ – ഡെപ്യൂട്ടി ജനറൽ മാനേജർ (എച്ച്.ആർ) ഇ. ബാലകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ സി. എ. സന്തോഷ് എന്നിവർ ആശംസകളർപ്പിച്ചു. ഇ. എം.സി. ജോയിന്റ് ഡയറക്ടർ എ. എൻ. ദിനേഷ് കുമാർ നന്ദി പ്രകാശിപ്പിച്ചു.

## പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾക്കായുള്ള സാധ്യതാ പഠനം ആരംഭിച്ചു

കേരളത്തിൽ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾക്കനുയോജ്യമെന്ന് ഇ. എം. സി. കണ്ടെത്തിയ 10 പദ്ധതികളിൽ 5 പദ്ധതികളുടെ സാധ്യതാ പഠനം ആരംഭിച്ചു. ഇലവീഴാപൂഞ്ചിറ, പോത്തുണ്ടി, ചുള്ളിയാർ, കാരാപ്പുഴ, മാങ്കുളം എന്നിവിടങ്ങളിലാണ് പഠനം നടത്തുന്നത്.



സാധ്യതാ പഠനം നടത്തുന്നതിനുള്ള വർക്ക് ഓർഡർ വാപ്കോസ് ലിമിറ്റഡ് ഉദ്യോഗസ്ഥർക്ക് E M C ഡയറക്ടർ കൈമാറുന്നു

വാപ്കോസ് ലിമിറ്റഡ്, ടാറ്റ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ്, DMR-KIIFCON കൺസോർഷ്യം, എനർജി ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ്, ആർവി അസോസിയേറ്റ്സ് ആർക്കിടെക്സ് എഞ്ചിനീയേഴ്സ് & കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയവരെ സഹകരിപ്പിച്ചാണ് പഠനം നടത്തുന്നത്. സാധ്യതാ പഠനം പൂർത്തീകരിച്ച ശേഷം അനുയോജ്യമായ പദ്ധതികൾ സ്വകാര്യ/സഹകരണ/ സർക്കാർ മേഖലയിലെ സംരംഭകത്വത്തിലൂടെ നടപ്പിലാക്കാൻ കഴിയുന്നതാണ്.

# District-level workshop on electric school buses

The Energy Management Centre in collaboration with the Green Mobility team at the Center for Study of Science, Technology and Policy (CSTEP), organized a district-level workshop in Thiruvananthapuram on 6th November 2024 to promote awareness about the health, environmental, and economic benefits of electric school buses. The consultation workshop brought together diverse stakeholders, including school representatives, electric bus original equipment manufacturers, and charge point operators. These individuals engaged in discussions to explore the opportunities and challenges for schools to gradually transition to electric bus fleets.

The workshop was inaugurated by the Honorable Minister for Electricity, K Krishnankutty through video message. Dr. R. Harikumar, Director EMC, delivered the opening remarks. Spurthi Ravuri, Research Scientist and Lead - GreenMobility, CSTEP, Anjali Saxena, Business Development Executive, PMI Electro Mobility Solutions Pvt Ltd, Advaith C., Co-founder of charge MOD, Vivek Gavimath, Senior Analyst, CSTEP also participated in the sessions, providing valuable insights and recommendations.





# EMC Director delivered Keynote address in KREEPA Green Power Expo 2024

Dr. R. Harikumar, Director of the Energy Management Centre (EMC), delivered the keynote address at the KREEPA Green Power Expo 2024, organized by the Kerala Renewable Energy Entrepreneurs and Promoters Association (KREEPA). The event took place during November 28 to 30, 2024, at the Adlux International Convention Centre, Angamaly, Kochi. This three-day expo showcased cutting-edge developments in renewable energy and sustainable technologies and featured exhibitions, policy seminars, workshops, and live demonstrations. Dinesh Kumar A. N Joint Director of EMC also Participated as a Panellist in the discussion on 'Energy storage'.




EMC Director Dr. R Harikumar lightining the function

EMC actively participated in the event and also set up a stall promoting the International Energy Festival of Kerala 2025, scheduled for February 7-9, 2025, in Thiruvananthapuram. The expo attracted policymakers, industry leaders, researchers, and stakeholders, emphasizing the importance of green energy adoption and sustainable infrastructure.

# Investment Bazaar for Energy Efficiency






The one-day conference on "Investment Bazaar for Energy Efficiency" was successfully organized by Energy Management Centre - Kerala (EMC) and Federation of Indian Chambers of Commerce and Industry (FICCI), in association with Bureau of Energy Efficiency (BEE), on 26th November 2024 at Hotel Joy Palace, Thrissur. The event was inaugurated by Honourable Minister for Electricity K. Krishnankutty, in the presence of P. Balachandran, MLA, Thrissur; Rosy, Deputy Mayor, Thrissur Corporation; Dr. R. Harikumar, Director, Energy Management Centre; Ajith Kumar K, Executive Chairman, Board of Public Sector Transformation; M.N. Girish, Sr. Director, FICCI; Lino C. George, Manager, District Industries Centre, Thrissur; M.R. Francis, Vice President, Thrissur Chamber of Commerce; Johnson Daniel, Head NMEEE & DSM Division, EMC.

The technical sessions followed by inaugural session of conference provided valuable insights from experts representing prominent organizations, including the EMC, Steel and Industrial Forgings Limited (SIFL), Apollo Tyres, The Travancore Cochin Chemicals, Sreelakshmi Energy Systems Pvt. Ltd., Elanadu Food Products Pvt. Ltd., SIDBI, KFC, Tata, Federal Bank, RSM, and ESAF.

With over 70 participants, the conference fostered discussions on innovative energy solutions and investment opportunities, setting the stage for a sustainable future.

## EMC Director Highlights the Role of Local Governments in Kerala's Clean Energy Transition



Dr. R. Harikumar, Director - EMC, delivered a special address during the stakeholder consultation titled 'Unlocking Kerala's Clean Energy Potential', organized by WRI India and Navakeralam Karma Padhathi on 19th November 2024. The introductory session featured deliberations by Biju Prabhakar IAS, CMD, KSEBL; T. P. Sudhakaran, Assistant Coordinator, Harithakeralam Mission; and Sandhya Sundararaghavan, Program Head - Energy Transitions, WRI India. Johnson Daniel, Head of the NMEE & DSM Division at EMC, also participated as a panellist in the discussion on 'Energy Transition Through Local Governments: Opportunities and Challenges.'

## Energy Conservation Awareness Programme and LED Bulb Repairing Training

The Centre for Energy Studies at EMC, in collaboration with Universal Engineering College, organized an energy conservation awareness program and LED bulb repairing training titled "Unarvu-2024" on November 20, 2024, at the college campus.

The program successfully educated NSS volunteers on energy conservation and provided practical skills in LED bulb repairing, fostering sustainability and technical competence.



# മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും

2024 ലെ മലയാള ദിനത്തിന്റെയും ഭരണഭാഷാവാരാഘോഷത്തിന്റെയും ഭാഗമായി എനർജി മാനേജ്മെന്റ് സെന്ററിലെ ഭരണഭാഷാ പ്രോത്സാഹനസമിതിയുടെ ആഭിമുഖ്യത്തിൽ നവംബർ 1 മുതൽ 7 വരെ കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു. റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, സ്കൂളുകൾ, കോളേജ് എന്നിവയുമായി സഹകരിച്ചാണ് പരിപാടികൾ സംഘടിപ്പിച്ചത്. പ്രഭാഷണങ്ങളും കലാസാംസ്കാരിക പരിപാടികളും നടത്തി. സമാപന ദിവസം കട്ടേല ഡോക്ടർ അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുമായി സഹകരിച്ചാണ് പരിപാടികൾ അവതരിപ്പിച്ചത്. സമാപന സമ്മേളനത്തിൽ ഇ. എം.സി. യിലെ എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ, ഡോ: അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ സൂപ്രണ്ട് ഷിനു, ഇ.എം. സി.യിലെ എനർജി എഫിഷ്യൻസി ഡിവിഷൻ തലവൻ ജോൺസൺ ഡാനിയേൽ, പി. ആർ. ഒ. ബീന. ടി. എ. എന്നിവർ സംസാരിച്ചു. സോപാന സംഗീതത്തെ കുറിച്ച് ക്ഷേത്ര കലാപീഠം അധ്യാപകൻ കിളിമാനൂർ അനിൽ മാരാർ സോദാഹരണ പ്രഭാഷണം നടത്തി. സ്കൂളിലെ വിദ്യാർത്ഥിനികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഗോത്രവർഗ്ഗ കലാരൂപങ്ങളായ പാട്ടുകളും സംഘനൃത്തങ്ങളുമാണ് അവതരിപ്പിച്ചത്.



ക്ഷേത്ര കലാപീഠം അധ്യാപകൻ കിളിമാനൂർ അനിൽ മാരാർ
സോപാന സംഗീതം അവതരിപ്പിക്കുന്നു



ഭാഷയും സംസ്കാരവും എന്ന വിഷയത്തിൽ
ഡോ. വി. കാർത്തികേയൻ നായർ പ്രഭാഷണം നടത്തുന്നു

# ഉണർവ്വ് സന്ദർശന പരിപാടി പുരോഗമിക്കുന്നു

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി "ഉണർവ്" എന്ന ഊർജ്ജസംരക്ഷണ ബോധവത്കരണ പരിപാടി സജീവമായി പുരോഗമിക്കുന്നു. തിരുവനന്തപുരത്തെ ഇ. എം.സി ക്യാമ്പസിലും പാലക്കാട് പരിഷദ് പ്രൊഡക്ഷൻ സെന്ററിലും ഈ പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിശീലനത്തിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ ഉപാധികൾ സംബന്ധിച്ച ക്ലാസ്സ്, ഇലക്ട്രിക്ക് സൈക്കിൾ, സോളാർ പുരപ്പുറ സൗരനിലയം പരിചയപ്പെടുത്തൽ എന്നിവയും നടന്നു. നവംബർ മാസത്തിൽ ഇ.എം. സിയിൽ നടന്ന വിവിധ പരിപാടികളിലായി 13 വിദ്യാലയങ്ങളിൽ നിന്നായി 861 വിദ്യാർഥികളും അദ്ധ്യാപകരും പങ്കെടുത്തു. പാലക്കാടുള്ള പരിഷദ് പ്രൊഡക്ഷൻ സെൻററിൽ നടന്ന വിവിധ പരിപാടികളിൽ 6 വിദ്യാലയങ്ങളിൽ നിന്നായി 284 വിദ്യാർഥികളും അദ്ധ്യാപകരും പങ്കെടുത്തു.




ശ്രീ വിവേകാനന്ദ വിദ്യാലയം, മണ്ഡപത്തിൻകടവ്, തിരുവനന്തപുരം



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256